**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2546** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 11/2011 പ്രകാരമുള്ള കെ.എസ്.ഇ.ബി മസ്ദൂർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ; | (എ) | കാറ്റഗറി നമ്പർ 11/2011 പ്രകാരമുള്ള കെ.എസ്.ഇ.ബി ലിമിറ്റഡ് - മസ്ദൂർ റാങ്ക് ലിസ്റ്റിലെ നിയമനവുമായി ബന്ധപ്പെട്ട് റിട്ട് പെറ്റീഷൻ നമ്പർ 21118/17, 21119/17, 21120/17, 8020/2018 എന്നിവ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. പ്രസ്തുത റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 9.3.2018-ലും (2118/17, 21119/17, 21120/17)19.3.2018-ലും (8020/2018) വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. കാറ്റഗറി നമ്പർ 11/2011 -ാം നമ്പർ കെ.എസ്.ഇ.ബി മസ്ദൂർ റാങ്ക് ലിസ്റ്റ് 30.9.2013-ൽ നിലവിൽ വരുകയും 30.12.2016-ൽ കാലാവധി അവസാനിക്കുകയും ചെയ്തു. ടി കാലയളവിൽ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും 14 ജില്ലകളിലായി 3478 പേർക്ക് മസ്ദൂർ തസ്തികയിൽ നിയമനം നൽകുകയുണ്ടായി. എന്നാൽ 15.12.2004 (ID No. 27/2002) –ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം 1486 പെറ്റി കോൺട്രാക്ടർമാർക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിയമനം നൽകുവാൻ ബോർഡ് ബാധ്യസ്ഥമാവുകയുണ്ടായി. 1486 പെറ്റി കോൺട്രാക്ടർമാരെ നിയമിക്കുവാനുള്ള ഒഴിവുകൾ ഇല്ലാത്തതിനാൽ 1321 മസ്ദൂർ തസ്തികയിൽ സംഖ്യാതീതമായി നിയമനം നൽകിയാണ് പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കിയത്. മേൽ പ്രതിപാദിച്ച വിഷയങ്ങളുടെ അടിസ്ഥാനത്തിൽ നിലവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം നൽകുവാൻ നിർവ്വാഹമില്ലായെന്ന് 6.1.2021-ലെ ഓഫീസ് ഉത്തരവ് നമ്പർ EBEW/Compliance WPC/21118/17 etc/PSC Rank Holder/2020-21/ പ്രകാരം ഹർജിക്കാരെ |

| | | | |
|---|---|---|---|
| | | | അറിയിക്കുകയുണ്ടായി. മേൽസൂചിപ്പിച്ച കാരണങ്ങളാൽ കാറ്റഗറി നമ്പർ 11/2011 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്താൻ കഴിയില്ല. |
| (ബി) | പ്രസ്തുത കാറ്റഗറി നമ്പർ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും കോടതി ഉത്തരവ് പ്രകാരം നിയമനങ്ങൾ നടത്തുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | കാറ്റഗറി നമ്പർ 11/2011 പ്രകാരമുള്ള കെ.എസ്.ഇ.ബി ലിമിറ്റഡ് - മസ്ദൂർ റാങ്ക് ലിസ്റ്റിലെ നിയമനവുമായി ബന്ധപ്പെട്ട് റിട്ട് പെറ്റീഷൻ നമ്പർ 21118/17, 21119/17, 21120/17, 8020/2018 എന്നിവ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. പ്രസ്തുത റിട്ട് പെറ്റീഷനുകൾ തീർപ്പാക്കികൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 9.3.2018-ലും (2118/17, 21119/17, 21120/17)19.3.2018-ലും (8020/2018) വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. കാറ്റഗറി നമ്പർ 11/2011 -ാം നമ്പർ കെ.എസ്.ഇ.ബി മസ്ദൂർ റാങ്ക് ലിസ്റ്റ് 30.9.2013-ൽ നിലവിൽ വരുകയും 30.12.2016-ൽ കാലാവധി അവസാനിക്കുകയും ചെയ്തു. ടി കാലയളവിൽ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും 14 ജില്ലകളിലായി 3478 പേർക്ക് മസ്ദൂർ തസ്തികയിൽ നിയമനം നൽകുകയുണ്ടായി. എന്നാൽ 15.12.2004 (ID No. 27/2002) –ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ അവാർഡ് പ്രകാരം 1486 പെറ്റി കോൺട്രാക്ടർമാർക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിയമനം നൽകുവാൻ ബോർഡ് ബാധ്യസ്ഥമാവുകയുണ്ടായി. 1486 പെറ്റി കോൺട്രാക്ടർമാരെ നിയമിക്കുവാനുള്ള ഒഴിവുകൾ ഇല്ലാത്തതിനാൽ 1321 മസ്ദൂർ തസ്തികയിൽ സംഖ്യാതീതമായി നിയമനം നൽകിയാണ് പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കിയത്. മേൽ പ്രതിപാദിച്ച വിഷയങ്ങളുടെ അടിസ്ഥാനത്തിൽ നിലവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം നൽകുവാൻ നിർവ്വാഹമില്ലായെന്ന് 6.1.2021-ലെ ഓഫീസ് ഉത്തരവ് നമ്പർ EBEW/Compliance WPC/21118/17 etc/PSC Rank Holder/2020-21/ പ്രകാരം ഹർജിക്കാരെ അറിയിക്കുകയുണ്ടായി. മേൽസൂചിപ്പിച്ച കാരണങ്ങളാൽ കാറ്റഗറി നമ്പർ 11/2011 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്താൻ കഴിയില്ല. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | പ്രസ്തുത റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല. |
| (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പുതിയ | (ഡി) | റാങ്ക് ലിസ്റ്റിൽ നിന്നും പുതിയ ഒഴിവുകളിലേയ്ക്ക് |

| | | | |
|---|---|---|---|
| | ഒഴിവുകളിലേക്ക് നിലവിൽ അഡ്വൈസ് ചെയ്യുവാൻ കഴിയുമോ; വിശദമാക്കാമോ? | | കെ.പി.എസ്.സി. - യാണ് അഡ്വൈസ് ചെയ്യുന്നത്. ടി സാഹചര്യത്തിൽ കാലഹരണപ്പെട്ട റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുവാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ